പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 382

03.02.2014- ലെ മറുപടിക്ക്

പഴകിയ മത്സ്യത്തിന്റെ വിൽപ്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി. എസ്. ജയലാൽ<br>" ഇ. ചന്ദ്രശേഖരൻ<br>" മുല്ലക്കര രത്നാകരൻ<br>" കെ. രാജു | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മത്സ്യം കൊണ്ട് വരുന്നുണ്ട്; | എ) | തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, ഗോവ എന്നീ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മത്സ്യം കൊണ്ടു വരുന്നുണ്ട്. |
| ബി) | ദിവസങ്ങളോളം പഴക്കമുള്ള മത്സ്യം കേടാകാതിരിക്കുന്നതിനു വേണ്ടി ആരോഗ്യത്തിന് ഹാനികരമായ മാരകമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി) | മാരകമായ വിഷാംശം കലർന്ന മത്സ്യവിൽപ്പന സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്താറുണ്ടോ; വ്യക്തമാക്കാമോ; | സി) & ഡി) | സംസ്ഥാനത്ത് വിവിധ മത്സ്യത്തിന്റെ ആവശ്യകത കൂടുമ്പോഴും എന്നാൽ അവയുടെ ആഭ്യന്തര ലഭ്യത കുറയുമ്പോഴും അന്യസംസ്ഥാനങ്ങളിൽ നിന്ന് ചില ഏജൻസികൾ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാൻ രാസവസ്തുകൾ ചേർക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫുഡ് സേഫ്റ്റി ഓഫീസർമാർ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചും വിവിധ പൊതു വിപണികൾ കേന്ദ്രീകരിച്ചും വിവിധ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് കൊച്ചിയിലുള്ള Central Institute of Fisheries Technology (CIFT) യിൽ പരിശോധിച്ചതിൽ അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന മത്സ്യത്തിൽ അവ കേടുകൂടാതെയിരിക്കുവാൻ ഫോർമാലിൻ, അമോണിയയുൾപ്പെടെയുള്ള രാസവസ്തുകൾ ഉപയോഗിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നാൽ ഇത്തരം രാസവസ്തുക്കൾ സ്ഥിരമായി ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം പരിശോധനകൾ തുടരുന്നതാണ്. |
| ഡി) | എങ്കിൽ ഇതിനെതിരായി ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ